**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358** **16-03-2022 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയതായി കുടുംബശ്രീ ഹോട്ടലുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ പദ്ധതിയായ വിശപ്പുരഹിത കേരളം പദ്ധതി മുഖേന പൊതുജനത്തിന് പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും അഗതികൾക്കും നിരാലംബർക്കും വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും എല്ലാ ദിവസവും ഉച്ചഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ വിതരണം ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടു കൂടി 1180 ജനകീയ ഹോട്ടലുകൾ കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. തുടർന്നും ആവശ്യകതയ്ക്കും പ്രാദേശിക സാധ്യതയ്ക്കും അനുസൃതമായി കൂടുതൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ജനകീയ ഹോട്ടലുകൾക്കായി സർക്കാർ എത്ര കോടി രൂപയുടെ സഹായം നൽകി; വിശദാംശം അറിയിക്കാമോ? | (ബി) | ജനകീയ ഹോട്ടലുകൾക്കായി സർക്കാർ നാളിതുവരെ 73.64 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട തുക 2019-20 - 23.64 കോടി 2021-22 - 50 കോടി ആകെ - 73.64 കോടി |

സെക്ഷൻ ഓഫീസർ